# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 357**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും,
ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

**കർത്താവിൽ പ്രിയരെ,**

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ സഭാ ശുശ്രൂഷ നിർവ്വഹണത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി സഫ്രഗൻ മെത്രാപ്പോലീത്തായെ നിയമിക്കുന്ന പാരമ്പര്യം തീത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കാലം മുതൽ ഉണ്ടായിരുന്നു. എന്നാൽ ഒന്നിലധികം എപ്പിസ്കോപ്പാമാർ ഉണ്ടായിരുന്ന കാലഘട്ടത്തിൽ ആ പതിവ് തുടരാതെ എപ്പിസ്കോപ്പാമാർ എന്ന നിലയിൽ അറിയപ്പെട്ടിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായുടെ കാലഘട്ടത്തിനുശേഷം ആ പതിവ് പിന്തുടർന്നു. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി 3 എപ്പിസ്കോപ്പാമാരിൽ പ്രായത്തിൽ സീനിയർ ആയിരുന്ന അലക്സാണ്ടർ മാർ തെയോഫിലസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. 1978 മുതൽ 2 സഫ്രഗൻ മെത്രാപ്പോലീത്താമാർ സഭയിൽ ഉണ്ടായിരിക്കുന്ന കീഴ്നടപ്പ് നിലവിൽ വന്നു. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ കാലശേഷം അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായെ ഒഫിഷ്യേറ്റിംങ്ങ് മെത്രാപ്പോലീത്തായായി ചുമതലകൾ ഏൽപ്പിച്ചതോടൊപ്പം നമ്മെയും സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു.

2004-ൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സഖറിയാസ് മാർ തെയോഫിലോസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. 2015 ഒക്ടോബർ 1-ാം തീയതി മുതൽ അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നാം നിയമിച്ചു. ഇതത്രേ സഭയിൽ നിലവിലിരുന്ന നടപടിക്രമം.

അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി 2020 ഏപ്രിൽ 1-ാം തീയതി മുതൽ നാം നിയമിച്ചിരിക്കുന്നു. സ്ഥാനാരോഹണ ശുശ്രൂഷ 2020 ഏപ്രിൽ 4-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് കൊല്ലം സെന്റ് തോമസ് (തേവള്ളി) മാർത്തോമ്മ പള്ളിയിൽ വെച്ച് വിശുദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്നതാണ്. പ്രാർത്ഥ നാപൂർവ്വം ഏവരും ഈ ശുശ്രൂഷയിൽ വന്ന് സംബന്ധിക്കണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു.

2020 ഫെബ്രുവരി 18-ാം തീയതി കൂടിയ എപ്പിസ്കോപ്പൽ സിനഡ് താഴെപറയുന്ന തിരുമേനിമാരുടെ ഭദ്രാസന ചുമതലകളിൽ മാറ്റം വരുത്തി ക്രമീകരിച്ചിരിക്കുകയാണ്. 2020 ഏപ്രിൽ 1-ാം തീയതി മുതൽ ഈ മാറ്റങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്.

1. റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ മുംബൈ ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും വിടർത്തി റാന്നി-നിലക്കൽ ഭദ്രാസനത്തിന്റെ ചുമതലയിൽ നിയമിച്ചു.
2. റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ ഇപ്പോഴത്തെ ഭദ്രാസന ചുമതലയോടൊപ്പം മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനത്തിന്റെ ചുമതല കൂടി നിർവ്വഹിക്കുന്നതിന് നിയമിച്ചു..
3. റൈറ്റ് റവ. ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ഇപ്പോഴത്തെ ഭദ്രാസന ചുമതലയോടൊപ്പം മുംബൈ ഭദ്രാസനത്തിന്റെ ചുമതല കൂടി നിർവ്വഹിക്കുന്നതിന് നിയമിച്ചു.

2020 ഏപ്രിൽ 1-ാം തീയതി മുതൽ കോഴഞ്ചേരി സെന്റ് തോമസ് കോളജ് മാനേജരായി റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായേയും, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് മാനേജരായി റൈറ്റ് റവ.തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പായേയും നിയമിച്ചിരിക്കുന്നു.

പുതുതായി ചുമതലയേൽക്കുന്ന തിരുമേനിമാർക്ക് പട്ടക്കാരും ജനങ്ങളും തുടർന്നും നിർല്ലോഭമായ സഹായ സഹകരണങ്ങൾ നൽകണം. കാലഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും മനസ്സിലാക്കി കർത്താവിന്റെ തിരുശരീരമായ സഭയുടെ വിശ്വസ്ത ശുശ്രൂഷകരായി പ്രവർത്തിക്കുന്നതിന് ദൈവം നമ്മെ ശക്തീകരിക്കട്ടെ.

നമ്മുടെ കർത്താവിന്റെ കൃപ നാം ഏവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2020 മാർച്ച് മാസം 01-ാം തീയതി,

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

**Circular No. 357**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority***

**Beloved in Christ,**

The tradition of appointing a Suffragan Metropolitan to assist the Metropolitan in the ministerial administration of the Malankara Mar Thoma Syrian Church began from the period of Titus I Metropolitan Thirumeni. But that tradition was not followed in the subsequent period, when there was more than one Episcopa and they were known as Episcopas. After the tenure of Mathews Mar Athanasius Episcopa, the practice resumed when Juhanon Mar Thoma Metropolitan appointed Alexander Mar Theophilus Episcopa, who was senior in age among the three Episcopas, as Suffragan Metropolitan. From 1978 the practice of having two Suffragan Metropolitans was established. Alexander Mar Thoma Metropolitan appointed Philipose Mar Chrysostom Suffragan Metropolitan as Officiating Metropolitan and myself as Suffragan Metropolitan after the demise of Thomas Mar Athanasius Suffragan Metropolitan.

Philipose Mar Chrysostom Metropolitan appointed Zacharias Mar Theophilus Episcopa as Suffragan Metropolitan in 2004. From October 1, 2015 I appointed Geevarghese Mar Athanasius as Suffragan Metropolitan. This is the practice that prevailed in the church.

I appoint Rt. Rev. Dr. Geevarghese Mar Theodosius Episcopa as Suffragan Metropolitan with effect from April 1, 2020. Installation service will begin at Kollam St. Thomas (Thevally) Mar Thoma Church with Holy Communion at 8.00 am on Saturday April 4, 2020. I urge everyone to participate in the service prayerfully.

The Episcopal Synod met on February 18, 2020 made arrangements to change the diocesan responsibilities of the following bishops. These changes will be effective from April 1, 2020.

1. Rt. Rev. Dr. Geevarghese Mar Theodosius Episcopa is released from the responsibility of Mumbai Diocese and appointed to take charge of Ranny-Nilackal Diocese.
2. Rt. Rev. Dr. Mathews Mar Makarios Episcopa is appointed to take charge of the Malaysia-Singapore-Australia-New Zealand Diocese along with the present Diocesan responsibility.
3. Rt. Rev. Dr. Geevarghese Mar Stephanos Episcopa is appointed to take charge of the Mumbai Diocese along with the present Diocesan responsibility.

Rt. Rev. Dr. Geevarghese Mar Theodosius Episcopa is appointed as Manager of Kozhencherry St. Thomas College and Rt. Rev. Thomas Mar Timotheos Episcopa is appointed as Manager of Chengannur Christian College with effect from April 1, 2020.

The Clergy and Laity should continue their wholehearted support and help to the newly designated bishops. May God empower all of us to understand the needs and meet the challenges of the present times as faithful servants of the church, which is the body of our Lord. Grace be with you all.

Dated 1st March 2020 from Poolatheen, Tiruvalla,

**Dr. Joseph Mar Thoma Metropolitan**